പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2138 18.03.2015-ൽ മറുപടിക്ക്

ഗുരുവായൂർ തിരുനാവായ റെയിൽപ്പാത നിർമ്മാണം

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി :

ഉത്തരം

ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുരുവായൂർ തിരുനാവായ റെയിൽപ്പാത നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള നടപടികൾ എതു ഘട്ടത്തിലാണ്; എവിടെയെല്ലാം സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടുണ്ട്; | (എ) യും (ബി) യും | ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാ കളക്ടറും റെയിൽവേയും കൂടി നിർദ്ദേശിച്ചിട്ടുള്ള, കനോലി-കനാലിന് സമീപത്തുകൂടി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 27.10.2014-ൽ പിന്നീട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് സ്വീകരിക്കുന്നതിന് തീരുമാനിച്ച് റെയിൽവേക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ലൊക്കേഷൻ സർവ്വെ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറക്ക് മാത്രമേ സർവ്വെ നടപടികൾ ആരംഭിക്കുകയുള്ളൂ.<br>ബജറ്റിന് മുന്നോടിയായി റയിൽവേയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിലൂടെയും, കേരളത്തിലെ എം.പി.മാർ മുഖേനയും ഈ റെയിൽപാത നിർമ്മാണം ത്വരിതപ്പെടുത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | റെയിൽപ്പാത നിർമ്മാണ നടപടികൾ ത്വരിതഗതിയിലാക്കാൻ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ